**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതി ആണ് 'ഇ – ഹെൽത്ത് '. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, “ഒരു പൗരന് ഒരു Electronic Health Record [EHR]”എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും ഘട്ടം ഘട്ടമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 295 ആശുപത്രികളിൽ ഇ ഹെൽത്ത് പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു . ഇതിൽ 68 എണ്ണം പൂർണമായും കടലാസ്സ് രഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 401 ആശുപത്രികളിൽ 246 സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി വരുന്നു. ബാക്കി വരുന്ന 155 ആശുപത്രികളിൽ വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| | | | ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങളിലും ഇ ഹെൽത്ത് സംവിധാനം പ്രവർത്തന സജ്ജമാകും. |
| (ബി) | പ്രസ്തുത പദ്ധതി എല്ലാ ഗ്രാമീണ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഫണ്ടിന്റെ ലഭ്യതയും ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ പര്യാപ്തമായ ആശുപത്രി കെട്ടിടങ്ങൾ ലഭ്യാമാവുകയും ചെയ്യുന്ന മുറയ്ക്ക് ഗ്രാമ-നഗര വ്യത്യാസം കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ ഹെൽത്ത് നടപിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ